ഫിനാൻഷ്യൽ എൻറർപ്രൈസസിൽ ചിട്ടിപ്പണം കിട്ടാൻ കാലതാമസം ഉണ്ടാകുന്നതായി പരാതി

25 [42] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഫിനാൻഷ്യൽ എൻറർപ്രൈസസിൽ ചിട്ടിപിടിച്ച ചിറ്റാളൻമാർക്ക് ചിട്ടിപ്പണം കിട്ടാൻ വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ) ചില പരാതികൾ കിട്ടിയിട്ടുണ്ടായിരുന്നു.

(ബി) കാലതാമസം ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ അപ്പോഴപ്പോൾ കൊടുത്തിട്ടുണ്ട്.

ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ ശാഖകൾ

26 [43] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫൈനാൻഷ്യൽ എൻറർപ്രൈസസിൻെറ കീഴിൽ നടപ്പുവർഷം എത്ര പുതിയ ശാഖകൾ തുറക്കുവാനാണുദ്ദേശിക്കുന്നത്;

(ബി) കഴിഞ്ഞവർഷം എത്ര പുതിയ ശാഖകൾ സ്ഥാപിച്ചു;

(സി) എല്ലാ താലൂക്ക് ഹെഡ്കാർട്ടേഴ്സിലും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിക്കുള്ളിലും ബ്രാഞ്ചുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 11 (പതിനൊന്ന്).

(ബി) 8 (എട്ട്).

(സി) പ്രവർത്തനം പ്രോൽസാഹകരമെന്ന് ബോദ്ധ്യപ്പെടുന്ന എല്ലാ പ്രദേശങ്ങളിലും ശാഖകൾ തുറക്കുവാൻ ഉദ്ദേശമുണ്ട്.

പുതിയ സബ്ട്രഷറികൾ

27 [44] ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തിൽ പുതിയതായി എത്ര സബ്ട്രഷറികൾ തുറക്കുവാൻ പദ്ധതി ഉണ്ടായിരുന്നു; എവിടെയെല്ലാം;

(ബി) അവയിൽ എവിടെയെല്ലാം എത്ര എണ്ണം തുറന്നു കഴിഞ്ഞു;

(സി) ബാലുശ്ശേരിയിൽ ഒരു സബ്ട്രഷറി തുറക്കാൻ വല്ല നടപടിയും എടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത കാര്യത്തിൽ ഉടൻ വേണ്ട നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly